**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2264** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഹരിതകർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 'മാലിന്യമുക്തം നവകേരളം' പ്രവർത്തനങ്ങൾക്ക് മുഖ്യ പങ്ക് വഹിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും രോഗപ്രതിരോധത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സ.ഉ(കൈ) നം.62/2020/ത.സ്വ.ഭ.വ തിയതി 11/04/2020 പ്രകാരം ആരോഗ്യ സുരക്ഷിതത്വം, തൊഴിൽ സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നതിനായി ഹരിത കർമ്മസേന അംഗങ്ങൾക്ക് ആവശ്യമായ ഗംബൂട്ട, മാസ്ക് , ഗ്ലൗസ് എന്നിവ ലഭ്യമാക്കുന്നതിന് പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയം ഭരണസ്ഥാനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഹരിത കർമ്മ സേനാംഗങ്ങൾക്ക് ചികിത്സാസഹായം, രോഗപ്രതിരോധ മാർഗ്ഗങ്ങൾ, മെച്ചപ്പെട്ട തൊഴിൽ സാഹചര്യം എന്നിവ കൂടുതലായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സ. ഉ. (സാധാ) നം.1496/2020/ത.സ്വ.ഭ.വ തിയതി 12/08/2020 പ്രകാരം ഹരിതകർമ്മസേനയ്ക്ക് സൗജന്യ ആരോഗ്യ പരിശോധനകൾ (വർഷത്തിൽ കുറഞ്ഞത് നാലു തവണ) ലഭ്യമാക്കുന്നതിനും ആവശ്യമായ സുരക്ഷിതമായ തൊഴിൽ സാഹചര്യം ഉറപ്പുവരുത്തുവാനും തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>കുടുംബശ്രീയും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയും ചേർന്ന് ഹരിതകർമസേനാംഗങ്ങൾക്ക് "ഇൻസ്പയർ" എന്ന പേരിൽ 2 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 1384 രൂപ വരുന്ന വാർഷിക പ്രീമിയത്തിന്റെ 50% കുടുംബശ്രീ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും നൽകുന്നു. ഗുണഭോക്താവ് വഹിക്കേണ്ട ശേഷിക്കുന്ന 50% തുക ഹരിതകർമ്മ സേന കൺസോർഷ്യം കോർപ്പസ് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട് .<br><br>ഹരിതകർമ്മസേനയ്ക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം ലഭ്യമാക്കുന്നതിനായി അജൈവ മാലിന്യങ്ങൾ അവയുടെ പുന:ചംക്രമണ മൂല്യത്തിനനുസരിച്ച് തരംതിരിച്ച് ശേഖരിക്കുന്നതിനെക്കുറിച്ചും ശാസ്ത്രീയവും |

| | | | |
|---|---|---|---|
| | | | നൂതനവുമായ ജൈവ മാലിന്യ സംസ്കരണവിദ്യകളെ സംബന്ധിച്ചും ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകി വരുന്നു. ഇതിനു പുറമേ വാതിൽപ്പടി ശേഖരണത്തിലൂടെ ലഭിക്കുന്ന അജൈവ പാഴ് വസ്തുക്കൾ ഉപയോഗിച്ച് ബാഗ്, കാർപ്പെറ്റ്, മുതലായവ നിർമ്മിച്ച് സ്വാപ് ഷോപ്പുകളിലൂടെ വിപണനം ചെയ്യുന്നതിനും, ശേഖരിക്കുന്ന കേടായ ഇലക്ട്രിക് ഉപകരണങ്ങളും മറ്റും റിപ്പയർ ഷോപ്പുകൾ വഴി റിപ്പയർ ചെയ്ത് വിപണനം നടത്തുന്നതിനും അതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ